(ഡി) പ്രസ്തുത സമിതിയുടെ ഘടന എന്തെന്ന് നിശ്ചയിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ ഇൻസ്ട്രുമെന്റേഷൻ സംവിധാനം തകരാറിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് തമിഴ്നാട് ടെക്നിക്കൽ സമിതി എന്തെങ്കിലും വിലയിരുത്തൽ നടത്തിയതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടത്തുമോ;

(ജി) ഡാമിന്റെ ഇൻസ്ട്രുമെന്റേഷൻ സംവിധാനം തകരാറിലായ സാഹചര്യം കണക്കിലെടുത്ത് ഡാമിന്റെ പരിധിയെക്കുറിച്ച് വിലയിരുത്തണമെന്ന ആവശ്യം മുന്നോട്ടു വച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി & ഡി) 19-05-2000-ൽ കേന്ദ്ര ജലവിഭവ മന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകരിത്തിനായി അയച്ചു കിട്ടിയതേയുള്ളു. അത് പരിശോധനയിലാണ്.

(ഇ) ഉണ്ട്.

(എഫ്) ഇൻട്രുമെന്റേഷൻ മാത്രം ഒരു പ്രധാന ഉപാധിയായി എടുക്കുന്നത് ഉചിതമല്ല എന്ന നിലപാടാണ് തമിഴ്നാട് കൈകൊണ്ടത്.

(ജി) ഇൻസ്ട്രുമെന്റേഷൻ സംവിധാനം പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഡാമിന്റെ സുരക്ഷ വിലയിരുത്താനും ഡാമിലെ ബലപ്പെടുത്തൽ പണികളുടെ വിശ്വാസ്യത ഉറപ്പാക്കാനും സാദ്ധ്യമല്ല എന്നുള്ള വസ്തുത കേരളം തമിഴ്നാടുമായുള്ള വിവിധ ചർച്ചകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

ഭരണ സംവിധാനം സുഗമമാക്കുന്നതിനു നടപടി

26 (*26) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കാരണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള കേരള ഭരണപരിഷ്കാര കമ്മിറ്റി ഇതിനകം എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണപരിഷ്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ ഏതൊക്കെ ശുപാർശകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ശുപാർശകൾ അംഗീകരിച്ചു കൊണ്ടാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഭരണപരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഭരണ പരിഷ്കാര കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഇതിനോടകം സമർപ്പിച്ച ഏഴു റിപ്പോർട്ടുകളിൽ 4 എണ്ണം മന്ത്രിസഭാ ഉപസമിതിയുടെ ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 3 എണ്ണം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) ഏഴു റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്.

(സി & ഡി) ഭരണപരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച 4 റിപ്പോർട്ടുകളിലെ താഴെ പറയുന്ന ശുപാർശകളാണ് അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

1. ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ :

   (i) പൗരാവകാശ പത്രിക

   (ii) സുതാര്യതയും അറിയുവാനുള്ള അവകാശവും

   (iii) പൊതുജന പരാതി പരിഹാരം

   (iv) അധികാര വികേന്ദ്രീകരണവും ഭരണപരിഷ്കാരവും

   (v) മോണിറ്ററിംഗ്

2. രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

   ഹാജർ നിരീക്ഷണ നിയന്ത്രണം

3. മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ (ധനകാര്യ പരിഷ്കരണം സംബന്ധിച്ച്)

   (i) ധനപരമായ പരിഷ്ക്കാരങ്ങൾ

   (ii) ഭരണവകുപ്പിന്റേയും വകുപ്പുതലവന്മാരുടേയും അധികാരം വർദ്ധിപ്പിക്കുക

   (iii) സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

4. നാലാമതു റിപ്പോർട്ടിലെ ശുപാർശകൾ

(പേഴ്സണൽ റീഫോംസ് വിഭാഗം)

(i) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കൽ

(ii) കഴിവ് മെച്ചപ്പെടുത്തൽ

(iii) നിയമനസ്ഥാന നിർണ്ണയം

(iv) അച്ചടക്കം

(ഇ) ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിഗണിക്കുകയും വിശദമായ പരിശോധനയ്ക്ക് മന്ത്രിസഭ ഉപസമിതിയേയും സെക്രട്ടറിമാരുടെ സമിതിയേയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. മിക്ക വാറും എല്ലാ ശുപാർശകളും മന്ത്രി സഭാഉപസമിതിയുടെ ഭേദഗതിയോടെ ഗവൺമെന്റ് അഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഊർജ്ജിത കന്നുകാലി വികസന പദ്ധതി

27 (*27) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പശുക്കളുടെ പാൽ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പ്രജനന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഊർജ്ജിത കന്നുകാലി വികസന പദ്ധതിയനുസരിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ക്ഷീര കർഷകരെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടു വരുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിശദ വിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.†

(ബി) വിശദ വിവരം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.†

† അനുബന്ധം V (1,2)

LIBRARY ARCHIVES Kerala Legislative Assembly